പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.2801

17.06.2019 -ലെ മറുപടിയ്ക്ക്

## പെട്രോൾ ബങ്കിലെ ജീവനക്കാരുടെ സുരക്ഷിതത്വം

| ചോദ്യം<br>ശ്രീ.സജി ചെറിയാൻ : | ഉത്തരം<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| എ) അപകടകരമായ നിലയിൽ ജോലിചെയ്യുന്ന പെട്രോൾ ബങ്കിലെ ജീവനക്കാരുടെ സുരക്ഷിതത്വത്തിന് എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിവരിക്കാമോ; | എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകളിൽ 1948-ലെ ഫാക്ടറീസ് നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് ഫാക്ടറി ഇൻസ്പെക്ടർമാർ പരിശോധന നടത്തി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നുണ്ട്. 1948-ലെ ഫാക്ടറീസ് ആക്ടിലെ വകുപ്പ് 87 പ്രകാരം വിജ്ഞാപനം ചെയ്ത 1957-ലെ കേരള ഫാക്ടറീസ് ചട്ടങ്ങളിലെ ചട്ടം 122 പ്രകാരം "Highly flammable liquids & flammable compressed gases" എന്ന പട്ടികയിൽ പ്രതിപാദിക്കുന്ന പെട്രോൾ പമ്പുകളിലെ സ്റ്റോറേജ് ടാങ്കുകളുടെ സുരക്ഷിതത്വം, leak & spill ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, flammable mixture, സ്പാർക്ക് എന്നിവ ഉണ്ടായാൽ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ, Fire safety, Prohibition of smoking and use of electronic devices എന്നിവയാണ് പ്രധാനമായും പരിശോധനാ വിധേയമാക്കുന്നത്. പ്രസ്തുത നിയമങ്ങൾ പാലിക്കാത്ത പെട്രോൾ പമ്പുകൾക്കെതിരെ ഫാക്ടറി ഇൻസ്പെക്ടർമാർ പരിശോധന നടത്തി നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) തൊഴിലാളികളുടെ തൊഴിൽ-വേതന-അവധി സംരക്ഷണത്തിന് വകുപ്പുതല നിരീക്ഷണങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | ബി) തൊഴിലാളികളുടെ തൊഴിൽ-വേതന-അവധി സംരക്ഷണത്തിന് സ്ഥാപന പരിശോധനകളും സ്ക്വാഡ് പരിശോധനകളും നടത്തി വരുന്നു. നിശ്ചയിച്ചിട്ടുള്ള വേതനം കൃത്യസമയത്ത് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 2019-ൽ നാളിതുവരെ പെട്രോൾ, ഡീസൽ, ഓട്ടോ ഗ്യാസ് ബങ്ക്സ് മേഖലയിൽ 122 പരിശോധനകൾ നടത്തുകയും 10 പ്രോസിക്യൂഷനും 11 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

Sreekala
**സെക്ഷൻ ഓഫീസർ**